പാസ്സാക്കിയ ഒരു ഭേദഗതി നിയമമാണ് ഇതിനിടവന്നിരിക്കുന്നത് എന്നാണ് (.................... മൈക്ക് ഓഫ് ...........................) (.......................... ബഹളം .......................)

*മി. സ്പീക്കർ* : ചെയർ പറഞ്ഞു കഴിഞ്ഞു. പ്രതിപക്ഷനേതാവെന്നു വിചാരിച്ച് എല്ലാ സമയത്തും സംസാരിക്കാൻ പറ്റുമോ? അതിനു ചില റൂൾസ് ഉണ്ട്. (.................. ബഹളം .......................) അതു ശരിയല്ല. (......................... ബഹളം .......................) ഗവൺമെന്റു മായി ആലോചിച്ചിട്ട് ചർച്ച ചെയ്യാമെന്ന് സ്പീക്കർ പറഞ്ഞു കഴിഞ്ഞു. (.......................... ബഹളം .....................................) ഭീഷണിപ്പെടുത്തേണ്ട .......................... ഭീഷണിവേണ്ട .......................... (........................... ബഹളം ........................) ഈ രീതി ശരിയല്ല. (......................... ബഹളം ...............................) (........................... ബഹളം .............................)

(ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റ് വിട്ട് ഡയസ്സിനുമുന്നിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി *(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)* : സഭാ നടപടി തടസ്സപ്പെടുത്തുവാൻ അങ്ങ് അനുവദിക്കരുത്. ഗുണ്ടായിസം കാണിക്കുന്നവരുടെ പേരിൽ അങ്ങ് നടപടിയെടുക്കണം.

*മി. സ്പീക്കർ* : അനുവദിക്കില്ല ..................... (....................... ബഹളം ................) ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം ........... പ്ലീസ് ........... പ്ലീസ് ............ (............................ ബഹളം ................................) സഭ ഏതാനും നിമിഷത്തേക്ക് നിർത്തിവയ്ക്കുകയാണ്.

(ബഹളത്തെത്തുടർന്ന് രാവിലെ 10.10-ന് തൽക്കാലത്തേക്ക് നിർത്തിവച്ച സഭാ നടപടികൾ ഉച്ചയ്ക്കുശേഷം 12.05-ന് പുനരാരംഭിച്ചു.)

# റൂളിംഗ്

## മുഖ്യമന്ത്രിയുടെ പ്രസ്താവന ചർച്ച ചെയ്യണമെന്ന ആവശ്യം

*മി. സ്പീക്കർ* : ഓർഡർ........ഓർഡർ........ ഇന്ന് പൊൻമുടി ഭൂമി ഇടപാട് സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. ഈ പ്രസ്താവനയെത്തുടർന്ന് അന്നേദിവസം ചർച്ച വേണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. എം. മാണി ഒരു ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചപ്പോൾ നിയമസഭാ ചട്ടം 300 അനുസരിച്ച് പൊതു പ്രാധാന്യമുള്ള സംഗതിയെപ്പറ്റി സ്പീക്കറുടെ സമ്മതത്തോടുകൂടി മന്ത്രിക്ക് ഒരു പ്രസ്താവന ചെയ്യാവുന്നതാണെന്നും എന്നാൽ അതിന്മേൽ യാതൊരു വിധത്തിലുള്ള ചോദ്യവും അനുവദനീയമല്ലെന്നും വ്യക്തമായിട്ടുണ്ട്. അതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

റൂൾ 300 അനുസരിച്ചുള്ള പ്രസ്താവനയ്ക്കുശേഷം യാതൊരു വിധത്തിലുള്ള ചർച്ചയും അനുവദിക്കേണ്ടതില്ല എന്നാണ് ഉദ്ദേശിക്കുന്നത്. ഈ സഭയിൽ ഉണ്ടായിട്ടുള്ള കീഴ്‌വഴക്കവും അതുതന്നെയാണ്. ഇന്നുവരെ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റിനു മുകളിൽ ഒരു ചർച്ച നടന്നിട്ടില്ല. ചർച്ച ആവശ്യമാണെന്ന് തോന്നുന്നപക്ഷം അതിന് റൂൾ പ്രകാരമുള്ള നോട്ടീസ് നൽകി ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്ത് അപ്രകാരം ചെയ്യാവുന്നതാണ്. ഇന്ന് സഭയിൽ ശ്രീ. കെ. എം. മാണി ചർച്ച വേണം എന്ന പ്രശ്നം ഉന്നയിച്ചപ്പോൾ ഗവൺമെന്റുമായി കൂടിയാലോചിച്ച് അപ്രകാരം ചെയ്യാമെന്ന് ചെയർ പറഞ്ഞതുമാണ്. ഇന്ന് സഭയിൽ അതിനുശേഷം ഉണ്ടായ സംഭവം അത്യന്തം ഖേദകരമാണ്. അച്ചടക്കനടപടികൾക്ക് വിധേയമാക്കേണ്ട നടപടികളാണ് ചില അംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഇത് വളരെ ഗൗരവത്തോടു കൂടിയാണ് ചെയർ കാണുന്നത്. ഇവിടെ ചില അംഗങ്ങളുടെ പേര് മെൻഷൻ ചെയ്യണമെന്ന് ചെയർ കരുതിയതാണ്. പക്ഷേ അത് ഈ സമയത്ത് ചെയ്യാൻ ആഗ്രഹമില്ല, അത് ചെയ്യേണ്ടതാണ്; പക്ഷേ ചെയ്യുന്നില്ല. മേലിൽ ഇത്തരം സംഭവങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് ഗൗരവത്തോടുകൂടി കാണുന്നതാണെന്ന് ചെയർ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. സഭയുടെ നടത്തിപ്പിൽ ചെയർ നാളിതുവരെ നിഷ്പക്ഷമായ നിലപാടാണ് സ്വീകരിച്ചു വന്നിട്ടുള്ളത്. തുടർന്നും അതേ നിലപാട് തന്നെ തുടരുന്നതാണ്. ബഹുമാനപ്പെട്ട ഭരണ പ്രതിപക്ഷ അംഗങ്ങൾ പൂർണ്ണമായും ചെയറിനോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രതിപക്ഷത്തിന്റെയോ ഭരണപക്ഷത്തിന്റെയോ പക്ഷംപിടിച്ചുകൊണ്ട് ചെയർ മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നില്ല. നാളിതുവരെ നിഷ്പക്ഷമായിട്ടാണ് കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്; തുടർന്നും അതേ സമീപനം തന്നെയാണ് സ്വീകരിക്കുക. ഇതാണ് ചെയറിന് ഇവിടെ നടന്ന സംഭവവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

*ശ്രീ. കെ. എം. മാണി :* ചർച്ചയുടെ കാര്യത്തിൽ അങ്ങ് എടുത്ത നിലപാടിനെപ്പറ്റി എനിക്ക് വ്യക്തിപരമായ ആക്ഷേപം ഇല്ല. അങ്ങ് പറഞ്ഞത് ചർച്ച ആകാം; ഗവൺമെന്റുമായി കൂടിയാലോചിച്ച് ചർച്ച ആകാം എന്നാണ്. ഗവൺമെന്റുമായി അങ്ങ് കൂടിയാലോചിച്ചു. ഞങ്ങൾ നേതാക്കൾ ഒരുമിച്ചിരുന്ന് ആലോചിച്ചു. ഗവൺമെന്റ് അതിൽ ഒരു ചർച്ച പാടില്ല എന്ന ഒരു നിഷേധാത്മകമായ നിലപാട് എടുത്തു. അത് ശരിയല്ല. ഗവൺമെന്റിന് അസൗകര്യമുണ്ടാകാം. പക്ഷേ ഇവിടെ പാർലമെന്ററി പ്രൊസീഡ്യുവറും പ്രാക്ടീസും ഉണ്ട്. അതിന്മേൽ കണ്ണടയ്ക്കുന്നത് ശരിയല്ല. ഇതിനുമുൻപ് ഇതുപോലെ ഉണ്ടായിട്ടില്ല എന്നു പറഞ്ഞു. ഇതിനുമുമ്പ് ഇതുപോലെ ഒരു കേസ്സിൽ മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് സ്റ്റേറ്റ്മെന്റും നടത്തിയിട്ടില്ല. അതുകൊണ്ട് അങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടില്ല .................. (മൈക്ക് ഓഫ്) ......................

*മി. സ്പീക്കർ :* ചെയർ അത് പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. കെ. എം. മാണി* : ഒന്നുകൂടി ആലോചിച്ച് അതിന്മേൽ ഒരു തീരുമാനം ഉണ്ടാകണം. ചർച്ച വേണം എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

പ്രതിപക്ഷ നേതാവ് (*ശ്രീ. ഉമ്മൻ ചാണ്ടി*): സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് എല്ലാ സഹകരണവും ഉണ്ടാകും. ........................ (ബഹളം) .................... ഇതല്ലേ സ്വഭാവം .................. പ്രതിപക്ഷത്തിന് ചില കടമകളും ഉത്തരവാദിത്തങ്ങളുമുണ്ട്. അത് നിറവേറ്റുന്നതിന് ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെയുള്ള ജനാധിപത്യ അവകാശം നിർവ്വഹിക്കാനുള്ള അവസരവും അവകാശവും ഉണ്ടാകണം. ഇക്കാര്യത്തിൽ അങ്ങയോട് പൂർണ്ണമായി സഹകരിക്കാം. മുഖ്യമന്ത്രി ഇവിടെ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട സംഗതി പൊന്മുടി വിവാദം സംബന്ധിച്ചാണ്. ഇതുപോലെ റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് സഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഞാൻ സഭയിൽ വന്നിട്ട് 37 വർഷമായി. ഇതുപോലെ വളരെയധികം വിവാദപരമായ ഒരു പ്രശ്നത്തെ ക്കുറിച്ച്, അഴിമതി ആരോപണം വന്ന പ്രശ്നത്തെക്കുറിച്ച് ആദ്യമായിട്ടാണ് റൂൾ 300 അനുസരിച്ച് സ്റ്റേറ്റ്മെന്റ് വരുന്നത്. നമ്മുടെ ചട്ടത്തിൽ റൂൾ 300 അനുസരിച്ച് ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല എന്നുണ്ട്. അതേസമയം പാർലമെന്ററി പ്രാക്ടീസിൽ, റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിനുമേൽ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ലയെങ്കിലും ചർച്ച ആകാം, same day ചർച്ച ആകാം എന്ന് മാണി സാർ ഇവിടെ ഉന്നയിച്ചു. ചർച്ച ഇല്ല എന്നുള്ള ഗവൺമെന്റ് നിലപാടിനോട് പ്രതിപക്ഷത്തിന് യോജിക്കാൻ നിവൃത്തിയില്ല. ഇത് ഗുരുതരമായ അഴിമതി നടന്ന സംഭവമാണ്. മന്ത്രിയെ മാറ്റിനിർത്തിക്കൊണ്ടുള്ള അന്വേഷണം കൊണ്ടല്ലാതെ പ്രതിപക്ഷം ഇക്കാര്യത്തിൽ തൃപ്തിപ്പെടില്ല എന്നു പറഞ്ഞുകൊണ്ട് ഇന്നത്തെ സഭാ നടപടികൾ ഞങ്ങൾ ബഹിഷ്ക്കരിക്കുകയാണ്. സഭ തീരും വരെ സത്യാഗ്രഹം ....................

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (*ശ്രീ. എം. വിജയകുമാർ*): അങ്ങ് ഗവൺമെന്റിന്റെ മുകളിൽ കുറ്റം അടിച്ചേൽപ്പിച്ചിട്ട് തടിതപ്പാൻ നോക്കേണ്ട. ചർച്ച ചട്ടപ്രകാരമല്ല. കീഴ്വഴക്കങ്ങൾ ഇല്ല എന്ന് ഒന്നിലധികം തവണ സ്പീക്കർ റൂൾ ചെയ്തതാണ്. ആ റൂളിംഗിനെ ഞങ്ങൾ മാനിക്കുന്നു. സംസ്ഥാന സർക്കാർ ചർച്ചയ്ക്ക് എതിരല്ല. സംസ്ഥാന സർക്കാർ ഈ വിഷയം എന്നല്ല ഒരു വിഷയത്തിലും ചർച്ചയ്ക്ക് എതിരല്ല. ചട്ടപ്രകാരം റൂൾ അനുസരിച്ച് നോട്ടീസ് കൊടുത്ത് ചർച്ചയാകാം. അതാണ് ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ട് അങ്ങ് ചെയ്യുന്ന പ്രവൃത്തി സർക്കാരിന് എതിരെയല്ല; സ്പീക്കറുടെ റൂളിംഗിന് എതിരെയുള്ളതാണ്.

*ശ്രീ. ഉമ്മൻ ചാണ്ടി* : ഞങ്ങൾക്ക് സ്പീക്കറെ ഇതിലേയ്ക്ക് വലിച്ചിഴയ്ക്കണമെന്ന് ആഗ്രഹമില്ല. പാർലമെന്ററികാര്യമന്ത്രി അതിനാണ് ശ്രമിക്കുന്നത്. ഞങ്ങൾ

ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിനോട്, ഈ വിഷയത്തിന്മേൽ ചർച്ചയില്ല എന്നു പറയുന്ന സമീപനത്തിൽ പ്രതിഷേധിച്ച് ഇന്ന് സഭാ നടപടികൾ ബഹിഷ്ക്കരിച്ച് ഇന്നത്തെ സഭാ നടപടികൾ തീരുന്നതുവരെ സഭാകവാടത്തിൽ സത്യാഗ്രഹം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. മന്ത്രി രാജി വച്ചുകൊണ്ടുള്ള ഒരു അന്വേഷണം അല്ലാതെ ഒരു വിധത്തിലും ഞങ്ങൾ തൃപ്തിപ്പെടില്ല.

(ചട്ടം 300 അനുസരിച്ചുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയിന്മേൽ പ്രസ്താവന നടത്തിയ ദിവസം തന്നെ ചർച്ചയില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് നടപടികൾ ബഹിഷ്ക്കരിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതിലേക്കായി പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോയി)

മുഖ്യമന്ത്രി (*ശ്രീ. വി. എസ്. അച്ചുതാനന്ദൻ*) : സഭയിൽ ഗുണ്ടായിസം നടത്തിക്കൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള ശ്രമങ്ങളെപ്പറ്റി ഭരണ-പ്രതിപക്ഷ കക്ഷികളുമായി സ്പീക്കർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു ഒത്തുതീർപ്പ് രൂപത്തിൽ എത്തുകയുണ്ടായി. സഭാ നേതാവ് എന്ന നിലയിൽ, ഞാൻ, ഇന്ന് സഭയിൽ ഗുണ്ടായിസം കാണിച്ച രണ്ടാളുകളെ സസ്പെൻഡു ചെയ്യാൻ നടപടി എടുക്കണമെന്ന് പറഞ്ഞു. എന്നാൽ, ആദ്യത്തെ ഒരു സംഭവം എന്ന നിലയിൽ അവരുടെ പേരിൽ ശിക്ഷാനടപടികൾ ഒഴിവാക്കുകയും അക്കാര്യത്തെപ്പറ്റി പറയുകയും ചെയ്തശേഷം മേലിൽ ഇതുപോലെയുള്ളത് ആവർത്തിക്കാതിരിക്കാൻ ഒരു താക്കീതോടുകൂടി പ്രശ്നം അവസാനിപ്പിക്കാനും തീരുമാനിച്ചു. തുടർന്ന് ഇതുപോലെയുള്ള കാര്യങ്ങൾ വരികയാണെങ്കിൽ നടപടി എടുക്കാമെന്ന് സ്പീക്കർ പറയുകയുമുണ്ടായി. അങ്ങനെ പരസ്പര ധാരണയോടു കൂടിയാണ് സഭാ നടപടികൾ തുടർന്നു നടത്താൻ വേണ്ടി പ്രതിപക്ഷവുമായി ധാരണയിൽ എത്തിയത്. ഇവിടെ റൂൾ 300 അനുസരിച്ച് ഒരു പ്രസ്താവന ഞാൻ നടത്തിയപ്പോൾ സ്വാഭാവികമായി മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഭൂമി ഇടപാട് സംബന്ധിച്ചും അതിനെത്തുടർന്ന് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള അഴിമതിയുടെയും പൊരുൾ എന്താണെന്ന് ഞാൻ എന്റെ സ്റ്റേറ്റുമെന്റിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രതിപക്ഷം ഇതിന്റെ പേരിൽ ഇവിടെ തുടർച്ചയായി വാക്ക് ഔട്ട് നടത്തുകയും ഇന്ന് മുഖത്ത് കറുത്തതുണി പിടിപ്പിച്ച് ഒരു മണിക്കൂർ ഇരിക്കുകയും ചെയ്തുവെങ്കിലും എന്റെ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് വന്നതോടെ ആരാണ് യഥാർത്ഥത്തിലുള്ള അഴിമതിക്കാരെന്ന് തെളിഞ്ഞിരിക്കുകയാണ്. ആ അഴിമതിക്കാരായ ആളുകൾ രക്ഷപ്പെടാൻ പോകുന്നില്ല എന്ന വസ്തുത എന്റെ സ്റ്റേറ്റ്മെന്റ് വന്നശേഷം അവരെ ബേജാറാക്കി എന്നുള്ളത് സ്വാഭാവികമാണ്. അവർ രണ്ടുമൂന്നു ദിവസമായി നടത്തിക്കൊണ്ടിരുന്ന വാക്കൗട്ടിനെത്തുടർന്ന് ഇന്ന് കറുത്ത തുണി മുഖത്തു പിടിപ്പിച്ചശേഷം, ഇനിയിപ്പോൾ സഭയുടെ വാതിൽക്കൽ വലിയ സത്യാഗ്രഹം നടത്താൻ പോകുകയാണ്. കാരണം ഒരു മണിക്കൂറോ അരമണിക്കൂറോ ഉള്ളല്ലോ? ഈ നിലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

വേഷങ്ങളെല്ലാം, അഞ്ചുകൊല്ലം കൊണ്ട് അധികാരത്തിൽ ഇരുന്ന് കാണിച്ചിട്ടുള്ള അഴിമതികളെല്ലാം ഇതുവഴി മറയ്ക്കാനാണ് അവർ ശ്രമിക്കുന്നത്. അത് നടക്കാൻ പോകുന്നില്ല. ഈ ഗവൺമെന്റ് യാതൊരു വിധത്തിലും അത് അനുവദിക്കാൻ പോകുന്നില്ല. ഒരു തരത്തിലും അഴിമതിക്കാർ രക്ഷപ്പെടില്ല. അതുകൊണ്ട് അവരുടെ ഈ തരത്തിലുള്ള തട്ടിപ്പുകൾകൊണ്ട് സഭയോ ജനങ്ങളോ യാതൊരു വിധത്തിലും വഞ്ചിതരാകുമെന്ന് ഞാൻ കരുതുന്നില്ല. ഒരു പരസ്പര ധാരണയോടുകൂടി പ്രതിപക്ഷത്തിനു നൽകേണ്ട എല്ലാ ജനാധിപത്യപരമായ അവകാശങ്ങളും അതിൽക്കൂടുതലും കൊടുത്തുകൊണ്ടുള്ള സമീപനമാണ് ഗവൺമെന്റും അതുപോലെ സ്പീക്കറും ഇതുവരെ എടുത്തിട്ടുള്ളത് എന്ന് ഈ അവസരത്തിൽ അനുസ്മരിച്ചുകൊണ്ട് നിറുത്തുകയാണ്.

# VI സബ്മിഷൻ

## (1) വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ

*ശ്രീ. ആനത്തലവട്ടം ആനന്ദൻ :* സർ, ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വൈദ്യുതി ക്ഷാമവും വൈദ്യുതി മേഖലയിലുള്ള പ്രശ്നങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനായാണ് ഈ സബ്മിഷൻ. കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, വക്കം എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ഇതിനോടകം കൊടുക്കുകയുണ്ടായി. പക്ഷെ, അതിന്റെ സ്ഥലമെടുത്ത് പണി ഇതുവരെ ആരംഭിച്ചിട്ടില്ല. അഴൂർ പഞ്ചായത്തിൽ നിലവിലിരിക്കുന്ന സെക്ഷൻ ഓഫീസ് രണ്ട് സബ് ഡിവിഷന്റെ കീഴിലാണ്; ഒന്ന് കഴക്കൂട്ടം സബ് ഡിവിഷന്റേയും മറ്റൊന്ന് ആറ്റിങ്ങൽ സബ് ഡിവിഷന്റേയും. ഈ നിയോജക മണ്ഡലത്തിലുള്ള അഴൂർ പഞ്ചായത്തിലെ മംഗലപുരം സെക്ഷന്റെ കീഴിലുള്ള പ്രദേശങ്ങൾ കൂടി ആറ്റിങ്ങൽ ഡിവിഷന്റെ കീഴിൽ കൊണ്ടുവരികയും, അഴൂരിൽ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുകയും ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം. ആലംകോട് വൈദ്യുത കണക്ഷനുകളുടെ എണ്ണം ഇപ്പോൾ കൂടിയിട്ടുണ്ട്. അതുകൊണ്ട് അവിടെ ഒരു ഓവർസിയർ ഓഫീസ് സ്ഥാപിക്കാനുള്ള എല്ലാ സാധ്യതകളും ആ പ്രദേശത്തുണ്ട്. ആ ഓവർസിയർ ഓഫീസ് നിലവിലുള്ള ഓഫീസിന്റെ സബ് എൻജിനീയർ ഓഫീസായി ഉയർത്തണമെന്നുള്ളതാണ് മറ്റൊരു ആവശ്യം. അതുപോലെ തന്നെ ആറ്റിങ്ങൽ ഡിവിഷണൽ ഓഫീസ് ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിവിഷണൽ ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം വൈദ്യുതി ബോർഡിന്റെ വകയായി ആറ്റിങ്ങലിൽത്തന്നെ ഉണ്ട്; അതിനുള്ള പ്രൊപ്പോസലും അയച്ചിട്ടുണ്ട്. എന്നാൽ ആ പ്രൊപ്പോസലിന് അംഗീകാരം കൊടുക്കാത്തതിന്റെ ഫലമായി താമസം വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly